# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2168 10.10.2011 ൽ മറുപടിയ്ക്ക്**

**മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷിതത്വവുമായി ബന്ധപ്പെട്ട പരിശോധന റിപ്പോർട്ടുകൾ അനുസരിച്ച് സ്വീകരിച്ച നടപടികൾ**

**ചോദ്യം**
ശ്രീ. സി.പി. മുഹമ്മദ്
ശ്രീ. പാലോട് രവി
ശ്രീ. എം.എ. വാഹീദ്
ശ്രീ. വർക്കല കഹാർ

**ഉത്തരം**
ശ്രീ.പി.ജെ.ജോസഫ്
(ബഹു.ജലവിഭവ മന്ത്രി)

| | |
|---|---|
| (എ) മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷിതത്വം പരിശോധിക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ)&(ബി)മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷിതത്വം സംബന്ധിച്ച നടപടികൾ സ്വീകരിക്കേണ്ടത് തമിഴ്നാടാണ്. 1979 ൽ അന്നത്തെ സെൻട്രൽ വാട്ടർ കമ്മീഷൻ (സി.ഡബ്ളിയു..സി.) ചെയർമാൻ ശ്രീ.കെ.സി.തോമസ് നിർദ്ദേശിച്ച പ്രകാരം ഡാം ബലപ്പെടുത്തുവാനായി, R.C.C. Capping, Cable anchoring, additional spillways, concrete backing മുതലായ പ്രവൃത്തികൾ തമിഴ്നാട് ചെയ്തിട്ടുണ്ട്. റിസർവോയർ ലെവൽ 136 അടിയായി 1979 മുതൽ നിജപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഡാമിന്റെ വാർഷിക അറ്റകുറ്റപണികളും തമിഴ്നാട് ചെയ്തു വരുന്നു. |
| (ബി) മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷിതത്വവുമായി ബന്ധപ്പെട്ട് നടത്തിയ പരിശോധന റിപ്പോർട്ടുകൾ അനുസരിച്ച് ഏതെല്ലാം കാര്യങ്ങളിലാണ് നടപടി എടുത്തിട്ടുള്ളത്? | |

സെക്ഷൻ ഓഫീസർ